بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅ: ഖുതുബ**

**സംഗ്രഹം**

**02.05.2025**

# മുഅത്താ യുദ്ധപശ്ചാത്തലത്തിൽ നബിതിരുമേനി(സ)യുടെ ജീവിതത്തിന്റെ ചില ഏടുകൾ

*സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) 02.05.2025 ന് യു.കെയിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്*

اَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَ اَشْھَدُ اَنَّ مُحَمَّداً عَبْدُہٗ وَ رَسُوْلُہٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔ اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ۔ الرَّحۡمٰنِ الرَّحِیۡمِ۔ مٰلِکِ یَوۡمِ الدِّیۡنِ۔ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ۔ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ۔ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ۔

*തശഹ്ഹുദും തഅവ്വുദും സൂറഃ ഫാത്തിഹയും പാരായണം ചെയ്തതിനു ശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു:* മുഅത്താ യുദ്ധത്തെക്കുറിച്ചായിരുന്നു പ്രതിപാദിച്ചുകൊണ്ടിരുന്നത്. ഇതു സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ഇപ്രകാരമാണ്: നബി(സ)തിരുമേനി അബ്ദുല്ലാഹ് ബ്ൻ റവാഹയെ യുദ്ധത്തിനായി യാത്രയാക്കിയപ്പോൾ അബ്ദുല്ലാഹ് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, അങ്ങയുടെ കൽപനയായി ഓർമവയ്ക്കേണ്ട ചില കാര്യങ്ങൾ എനിക്ക് പറഞ്ഞു തന്നാലും. അവിടുന്ന് പറഞ്ഞു:
'അല്പം മാത്രം സുജൂദ് ചെയ്യപ്പെടുന്ന പട്ടണത്തിലായിരിക്കും നാളെ നിങ്ങൾ എത്തുക. അവിടെ നിങ്ങൾ ധാരാളമായി സുജൂദ് ചെയ്യുക.'
*ഹുസൂർ തിരുമനസ്സ് പറഞ്ഞു:* മഹത്തായ ഒരു ഉപദേശമാണിത്. ഇക്കാലത്ത് നാം നിവസിക്കുന്ന രാജ്യങ്ങളുടെ അവസ്ഥയും ഇതുതന്നെയാണ്. ജനങ്ങൾ അല്ലാഹുവിനെ വിസ്മരിച്ചിരിക്കുന്നു. ഇക്കാലത്ത് അഹ്മദികൾ ആരാധനകളിലേക്ക് അധികമായി ശ്രദ്ധ പതിപ്പിക്കുകയാണ് വേണ്ടത്. നബി(സ) വീണ്ടും അരുളി:
'അല്ലാഹുവിനെ ദിക്ർ ചെയ്തു കൊണ്ടിരിക്കുക. ഏതു കാര്യത്തിലും ഇത് നിനക്ക് സഹാകമായി വർത്തിക്കും.'

പോകാനൊരുങ്ങിയ അബ്ദുല്ലാഹ് തിരിച്ചു വന്ന് വീണ്ടും ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, അല്ലാഹു വിത്ർ ആകുന്നു. വിത്ർ ഇഷ്ടപ്പെടുകയും ചെയ്യുന്നു. അവിടുന്ന് പറഞ്ഞു:
'ചോദിച്ചുകൊണ്ടേ ഇരിക്കുകയാണോ, ഇബ്നു റവാഹ? ഇനി മതിയാക്കൂ. നിനക്ക് നിരാശ വരുമ്പോൾ, നിങ്ങൾ പത്തു പേരോട് തിന്മ ചെയ്തിട്ടുണ്ടെങ്കിൽ പോലും ഒരാളോട് നന്മ ചെയ്യുന്നതിൽനിന്ന് പിന്തിരിയരുത്.'

അതായത് ഇത്രയധികം തിന്മകൾക്ക് ശേഷം അല്ലാഹുവിനുവേണ്ടി നിങ്ങൾ നന്മ ചെയ്യുകയാണെങ്കിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയം നിങ്ങളുടെ ഹൃദയത്തിലുണ്ടെങ്കിൽ അല്ലാഹു തീർച്ചയായും പൊറുക്കുന്നവനാണ്. നന്മ ചെയ്യുന്നവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുന്നു. അവന്റെ കാരുണ്യം വളരെ വിശാലമാണ്. നന്മ ചെയ്യാനും തിന്മകൾ വർജിക്കാനും കഴിവതും ശ്രമിക്കുക. എല്ലാ പ്രാവശ്യവും പത്തു തിന്മ ചെയ്യുകയും അതിനുശേഷം ഞാൻ ഒരു നന്മ ചെയ്തിരിക്കുന്നു എന്നു പറയുകയുമല്ല വേണ്ടത്.

ഏതായാലും, ഒരു നന്മ ചെയ്യുന്നതിൽനിന്ന് നീ പിന്തിരിയരുത് എന്ന് നബിതിരുമേനി(സ) പറഞ്ഞപ്പോൾ അബ്ദുല്ലാഹ് പറഞ്ഞു:
'അല്ലാഹുവിന്റെ ദൂതരേ, ഇനി ഞാൻ അങ്ങയോട് ഒരു ചോദ്യവും ഉന്നയിക്കുന്നതല്ല.'
അബ്ദുല്ലാഹ് ബ്ൻ റവാഹയോട് വിട പറഞ്ഞപ്പോൾ അദ്ദേഹം കരയാൻ തുടങ്ങി. സഹാബാക്കൾ ചോദിച്ചു: നിങ്ങൾ എന്തിനാണ് കരയുന്നത്?
അദ്ദേഹം പറഞ്ഞു: ' 'അല്ലാഹുവാണെ സത്യം! എനിക്ക് ഈ ലോകത്തോടോ നിങ്ങളോടോ സ്നേഹമില്ല. പക്ഷേ, അല്ലാഹുവിന്റെ റസൂൽ(സ)അഗ്നിയെക്കുറിച്ച് പറയുന്ന ആയത്ത് ഓതുന്നത് ഞാൻ കേട്ടു. അതിൽ പ്രവേശിച്ചതിന് ശേഷം എന്റെ മടക്കം എങ്ങനെയായിരിക്കുമെന്ന് എനിക്കറിയില്ല.'
അപ്പോൾ ആളുകൾ അദ്ദേഹത്തെ ആശ്വസിപ്പിക്കുകയും നല്ല നിലയിൽ തിരിച്ചുവരാൻ പ്രാർഥിക്കുകയും ചെയ്തു. യുദ്ധത്തിനു പോകേണ്ടിയിരുന്നവരെല്ലാം ജുമുഅ ദിവസം യാത്ര പുറപ്പെട്ടു. എന്നാൽ ജുമുഅ നമസ്കാരം നബിതിരുമേനിയുടെ പിന്നിൽ നിർവഹിച്ചശേഷം സംഘവുമായി ചേരാമെന്ന് അബ്ദുല്ലാഹ് ബ്നു റവാഹ ചിന്തിച്ചു. നബിതിരുമേനി(സ) അദ്ദേഹത്തെ കണ്ടപ്പോൾ ചോദിച്ചു:
'നിങ്ങളുടെ കൂട്ടുകാരോടൊപ്പം പോകാൻ നിങ്ങളെ തടഞ്ഞതെന്താണ്?'
അദ്ദേഹം പറഞ്ഞു: '

‘അങ്ങയോടൊപ്പം ജുമുഅ നമസ്കരിച്ചതിനുശേഷം അവരോടൊപ്പം ചേരാമെന്ന് ഞാൻ ആഗ്രഹിച്ചു.’
നബിതിരുമേനി(സ) പറഞ്ഞു: ’
‘ഭൂമിയിലുള്ളതെല്ലാം നിങ്ങൾ ചെലവഴിച്ചാലും, ഈ സൈനിക മുന്നേറ്റത്തിന് പോയവരുടെ മഹത്വം പ്രാപിക്കാൻ നിങ്ങൾക്ക് കഴിയുകയില്ല.’
ഹദ്റത്ത് ഖാലിദ് ബിൻ വലീദ് പ്രസിദ്ധനായ കുതിരപ്പടയാളിയായിരുന്നു. അദ്ദേഹവും ഈ സൈനികനീക്കത്തിൽ ഒരു സാധാരണ പടയാളിയെന്നോണം പങ്കെടുത്തിരുന്നു. മുസ് ലീങ്ങൾ പുറപ്പെട്ടപ്പോഴേക്കും ശത്രുക്കൾക്ക് അവരെക്കുറിച്ചുള്ള വിവരം ലഭിക്കുകയും അവർ സൈന്യം തയ്യാറാക്കുകയും ചെയ്തു. ശത്രുസൈന്യം ഒരു ലക്ഷത്തോളം വരുമെന്ന് മുസ്‌ലീങ്ങൾക്ക് വിവരം ലഭിച്ചു. ആ സന്ദർഭത്തിൽ അബ്ദുല്ലാഹ് ബ്ൻ റവാഹ സഹാബാക്കൾക്ക് ധൈര്യം പകർന്നുകൊണ്ട് പറഞ്ഞു:
‘ശഹാദത്തും വിജയവും രണ്ടും നിങ്ങൾക്ക് ഉത്തമമാണ്. ഇതാഗ്രഹിച്ചുകൊണ്ടായിരുന്നല്ലോ നിങ്ങൾ പുറപ്പെട്ടത്.’
ഇതു കേട്ടപ്പോൾ ഇബ്നു റവാഹ പറഞ്ഞത് ശരിയാണെന്ന് സൈന്യം പറഞ്ഞു. സഹാബാക്കൾ മുന്നോട്ടുനീങ്ങി അങ്ങനെ മുശാരിഫ് ഗ്രാമത്തിടുത്ത് റോമക്കാരും അറബികളും അടങ്ങിയ ഹിർക്കലിന്റെ സൈന്യത്തെ അവർ കണ്ടുമുട്ടി. മുസ്ലീങ്ങൾ അവരെ കണ്ടപ്പോൾ ’മുഅത്ത ’എന്ന് വിളിക്കപ്പെടുന്ന ഗ്രാമത്തിലേക്ക് മാറി. അന്നേരം മുസ്ലീങ്ങൾ യുദ്ധത്തിനായി തയ്യാറെടുത്തു. ഹദ്റത്ത് അബൂഹുറൈറ ഈ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം വിവരിക്കുന്നു: ’
‘ശത്രുക്കൾ ഞങ്ങളോട് അടുത്തപ്പോൾ, ഇത്രയധികം ആളുകളെയും ഇത്ര മികച്ച തയ്യാറെടുപ്പുകളും ആയുധങ്ങളും കുതിരകളും പട്ടു വസ്ത്രങ്ങളും സ്വർണ്ണവും ഞങ്ങൾ കണ്ടിട്ടില്ല. എന്റെ കണ്ണുകൾ പോലും തള്ളിപ്പോയി.’
അപ്പോൾ ഹദ്റത്ത് സാബിത് ബിൻ അക്രം എന്നോട് ചോദിച്ചു: ’
‘അബൂ ഹുറൈറ, നിങ്ങൾ വലിയ സൈന്യത്തെ അല്ലേ കാണുന്നത്?’’
ഞാൻ പറഞ്ഞു:‘അതേ.’’
അദ്ദേഹം പറഞ്ഞു: ‘നിങ്ങൾ ഞങ്ങളോടൊപ്പം ബദർ യുദ്ധത്തിൽ പങ്കെടുത്തിട്ടില്ല. ഞങ്ങൾ ആളുകളുടെ എണ്ണം കൊണ്ടല്ല വിജയിച്ചത്.’
യുദ്ധം ആരംഭിച്ചപ്പോൾ അത് ഒരു ഘോരയുദ്ധമായി മാറി. ഹദ്റത്ത് സൈദ്(റ) നബിതിരുമേനിയുടെ പതാകയുമായി യുദ്ധം ചെയ്യുകയും ധീരതയോടെ ശഹാദത്തിന്റെ അമൃതം നുകരുകയും ചെയ്തു. തുടർന്ന് ഹദ്റത്ത് ജാഫർ പതാക കൈകളിലേന്തി യുദ്ധം ചെയ്തു. ഒടുവിൽ അദ്ദേഹവും ശഹീദായി. ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: ഹദ്റത്ത് ജാഫർ ബ്ൻ അബീത്വാലിബ് തന്റെ വലതു കൈയിൽ പതാക മുറുകെപ്പിടിച്ചു. കൈ വെട്ടേറ്റ് വീണപ്പോൾ ഇടതു കൈയിൽ പതാക പിടിച്ചു. അതും വെട്ടേറ്റു വീണപ്പോൾ തന്റെ കൈമുട്ടുകളുടെ സഹായത്താൽ അതിനെ നെഞ്ചോട് ചേർത്തു പിടിച്ചു. ശഹാദത്ത് വരിക്കുമ്പോൾ അദ്ദേഹത്തിന് മുപ്പത്തിമൂന്ന് വയസ്സായിരുന്നു. ശഹീദാകുമ്പോൾ അറുപതോളം മുറിവുകൾ അദ്ദേഹത്തിന്റെ ശരീരത്തിൽ കാണപ്പെട്ടു. അവയിൽ ഒരു മുറിവും അദ്ദേഹത്തിന്റെ പിൻഭാഗത്തായിരുന്നില്ല.
ഹദ്റത്ത് ജാഫറിന്റെ ശഹാദത്തിനു ശേഷം ഇസ്‌ലാമിക സൈന്യത്തിന്റെ പതാക ഹദ്റത്ത് അബ്ദുല്ലാഹ്ബിൻ റവാഹ ഏറ്റെടുത്തു. യുദ്ധത്തിനു മുൻപ് ശക്തിയാർജിക്കാൻ അദ്ദേഹത്തിന് ഒരു മാംസക്കഷ്ണം നല്കപ്പെട്ടു. അതിന്റെ ഒരു ഭാഗം മുറിച്ചപ്പോഴേക്കും ഒരു ഭാഗത്ത് വാളുകൾ കൂട്ടിമുട്ടുന്ന ശബ്ദം അദ്ദേഹം കേട്ടു. അപ്പോൾ അദ്ദേഹം ആത്മഗതം ചെയ്തു:
‘നീ ഇപ്പോഴും ഈ ലോകത്തുതന്നെയാണ്.’ അതായത് യുദ്ധം ആരംഭിച്ചിരിക്കുകയാണ്. നീയോ ഇറച്ചി തിന്നുകയാണ്. ഉടനെ അദ്ദേഹം ആ ഇറച്ചിക്കഷ്ണം ഉപേക്ഷിച്ച് യുദ്ധരംഗത്തേക്ക് കുതിക്കുകയും അങ്ങേയറ്റം ധീരതയോടെ പൊരുതി ശഹീദാവുകയും ചെയ്തു. അദ്ദേഹത്തിന്റെ കൈകളിൽനിന്ന് പതാക വീണു.
അബ്ദുല്ലാഹ് ബ്ൻ റവാഹ ശഹീദായപ്പോൾ അത് മുസ്‌ലീങ്ങൾക്ക് വല്ലാത്ത തിരിച്ചടിയായി. രണ്ടു മുസ്‌ലീങ്ങൾ ഒരുമിച്ച് പോരാടുന്നത് കാണാനാവുമായിരുന്നില്ല. അപ്പോഴേക്കും ഒരു അൻസാരി വന്ന് പതാക ഉയർത്തിപ്പിടിച്ചു. അദ്ദേഹം ഓടിവന്ന് ആളുകളുടെ മുൻപാകെ പതാക കുത്തി നിറുത്തി. തുടർന്ന് അദ്ദേഹം പറഞ്ഞു:
ജനങ്ങളേ, എന്റെ അടുത്തേക്ക് വരുവിൻ. ആളുകൾ അദ്ദേഹത്തിനു ചുറ്റും ഒരുമിച്ചു കൂടി. അവരുടെ എണ്ണം വർദ്ധിച്ചപ്പോൾ അദ്ദേഹം ഖാലിദ് ബ്നു വലീദിന്റെ അടുക്കലേക്കു പോയി. ഹദ്റത്ത് ഖാലിദ്(റ) പറഞ്ഞു:
‘ഞാനിത് നിന്നിൽ നിന്ന് വാങ്ങുന്നതല്ല. നീയാണ് ഇതിന് അർഹൻ.’
അപ്പോൾ അൻസാരി പറഞ്ഞു:
‘ഞാൻ ഇത് പിടിച്ചിരിക്കുന്നതുതന്നെ താങ്കൾക്കു വേണ്ടിയാണ്.’
ഹദ്റത്ത് ഖാലിദ് ബിൻ വലീദ് പതാക ഏറ്റെടുത്തപ്പോൾ അദ്ദേഹം ആളുകൾക്ക് പ്രതിരോധം ഒരുക്കുകയും അവരെ ഒരുമിച്ചു കൂട്ടുകയും ചെയ്തു. അദ്ദേഹം തന്റെ സൈന്യത്തെ ഒരു വശത്തേക്ക് മാറ്റി. ശത്രുക്കളും അവരിൽ നിന്ന് പിൻവാങ്ങി. അങ്ങനെ അദ്ദേഹം ആളുകളെ രക്ഷപ്പെടുത്തി തിരികെ കൊണ്ടുവന്നു. ഇബ്നു ഇസ്ഹാഖിന്റെ അഭിപ്രായത്തിൽ ഈ പിൻവാങ്ങൽ യഥാർത്ഥത്തിൽ റോമക്കാരെ ഒഴിവാക്കാനായിരുന്നു. കാരണം ആ സമയത്ത് മൂവായിരത്തിൽ രണ്ടായിരം മുസ്ലീങ്ങളും റോമൻ സൈന്യത്തിൽ പെട്ടുപോയിരുന്നു. അതായത് അവർ തികച്ചും പരസ്പരം കൂടിക്കലർന്നു പോയി. ശത്രുക്കൾ പൂർണമായും മുസ് ലീങ്ങളെ വളഞ്ഞിരുന്നു. ശത്രുക്കൾ അവർക്കെതിരെ സംഘടിച്ചിരുന്നു. ആ സന്ദർഭത്തിൽ മുസ്‌ലീങ്ങളെ രക്ഷപ്പെടുത്തി കൊണ്ടുവരുന്നതു തന്നെ വിജയമായിരുന്നു.
വിജയത്തിനും വിവധ വശങ്ങളുണ്ട് എന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു.
ഹദ്റത്ത് സൈദ്(റ), ഹദ്റത്ത് ജാഫർ(റ),ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു റവാഹ എന്നവർ ശഹീദായ കാര്യം ജനങ്ങൾ അറിയുന്നതിനു മുൻപ് നബിതിരുമേനി(സ) അവരെ അറിയിച്ചു. തിരുമേനി(സ) പറഞ്ഞു:
‘സൈദ് പതാകയേന്തുകയും ശഹീദാവുകയും ചെയ്തു. ശേഷം ജാഫർ പതാക എടുത്തു. അദ്ദേഹവും ശഹീദായി. തുടർന്ന് അബ്ദുല്ലാഹ് ബ്നു റവാഹ പതാക ഏറ്റെടുത്തു. അദ്ദേഹവും ശഹാദത്ത് വരിച്ചു.’
നബിതിരുമേനിയുടെ കണ്ണുകൾ അശ്രുകണങ്ങൾ പൊഴിക്കുന്നുണ്ടായിരുന്നു.

‘അനന്തരം അല്ലാഹുവിന്റെ വാളുകളിൽ ഒരു വാൾ പതാകയേന്തുകയും അദ്ദേഹത്തിന്റെ കരങ്ങളാൽ അല്ലാഹു മുസ്ലീങ്ങൾക്ക് വിജയം നല്കുകയും ചെയ്തു.’ തിരുമേനി തുടർന്നു. അന്നുതൊട്ട് ഹദ്റത്ത് ഖാലിദ്(റ) സൈഫുല്ലാഹ് അഥവാ അല്ലാഹുവിന്റെ വാൾ എന്ന് വിളിക്കപ്പെടാൻ തുടങ്ങി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

‘ഹദ്റത്ത് ഖാലിദ്(റ) ഇസ്‌ലാമിക സൈന്യത്തിന്റെ നേതൃത്വം ഏറ്റെടുത്തതോടെ സൈന്യത്തിന്റെ മുൻനിരയെ പിൻനിരയായും പിൻനിരയെ മുൻനിരയായും വലത് ഭാഗത്തെ ഇടത് ഭാഗത്തും ഇടത് ഭാഗത്തെ വലത് ഭാഗത്തും ആക്കി മാറ്റി. കൂടുതൽ സഹായം മുസ്‌ലീങ്ങൾക്ക് എത്തിയെന്ന് ശത്രുക്കൾക്ക് തോന്നുന്ന തരത്തിലുള്ള മുദ്രാവാക്യങ്ങളും മുഴക്കി. ഇത് ശത്രുക്കളെ പിന്തിരിപ്പിച്ചു. ഖാലിദ് ഇസ്ലാമിക സൈന്യത്തെ സുരക്ഷിതമായി തിരികെ കൊണ്ടുവന്നു.’

പതാകയോടുള്ള ആദരവിനെക്കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറഞ്ഞു:

രാജ്യത്തെ ജനഹൃദയങ്ങളിൽ അവരുടെ പതാകയോടുള്ള മഹത്ത്വം സ്ഥാപിക്കപ്പെടുന്നതോടെ സ്വന്തം പതാക സംരക്ഷിക്കുന്നതിനായി തങ്ങളുടെ ജീവൻ പോലും ത്യജിക്കേണ്ടി വന്നാലും അവർ അതിന് സന്നദ്ധരാകുന്നു. എന്തെന്നാൽ, അന്നേരം അത് നിസ്സാര മരത്തടിയുടെയോ തുണിയുടെയോ പ്രശ്നമല്ല. മറിച്ച്, രാജ്യത്തിന്റെ അഭിമാനത്തിന്റെ പ്രശ്നമാണ്. ആലങ്കാരിക ഭാഷയിൽ അത് പതാകയുടെ രൂപത്തിൽ അവരുടെ മുൻപിൽ നിലകൊള്ളുന്നു.

ഈ വിവരണം തുടരുന്നതാണെന്ന് അറിയിച്ച ശേഷം ലോകത്തിനായി ദുആ ചെയ്യുന്നതിലേക്ക് ഹുസൂർ തിരുമനസ്സ് ഇപ്രകാരം ശ്രദ്ധ ക്ഷണിച്ചു:

പ്രത്യേകിച്ചും ഇപ്പോൾ പാകിസ്താനിലെയും ഇന്ത്യയിലെയും സാഹചര്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുക. അല്ലാഹു അക്രമം അവസാനിപ്പിക്കട്ടെ. മർദ്ദിതരെ സംരക്ഷിക്കട്ടെ. യുദ്ധങ്ങളിലേക്ക് നീങ്ങുന്നതിന് പകരം സമാധാനപരവും സൗഹാർദ്ദപരവുമായ രീതിയിൽ കാര്യങ്ങൾ തീരുമാനിക്കാൻ അല്ലാഹു ഗവൺമെന്റുകൾക്ക് ബുദ്ധി നൽകട്ടെ. അന്താരാഷ്ട്ര ഉടമ്പടികളെ മാനിക്കുന്നവരായിരിക്കട്ടെ അവർ. നീതി ലഭിക്കാൻ ഇക്കാലത്ത് പ്രയാസമാണെങ്കിലും, അന്താരാഷ്ട്ര സംഘടനകൾക്കും അല്ലാഹു തൗഫീഖ് നൽകട്ടെ, ഇരുരാജ്യങ്ങളിലെയും സഹാനുഭൂതിയോടെ വർത്തിക്കുന്ന സുഹൃത്തുക്കൾക്കും ഈ രാജ്യങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ തൗഫീഖ് നൽകട്ടെ. ഇരുവർക്കും അല്ലാഹു ബുദ്ധി നൽകട്ടെ. യുദ്ധമുണ്ടായാൽ ഇരുവർക്കും നഷ്ടം സംഭവിക്കും. പിന്നീട് സൈനികർ മാത്രമല്ല, സാധാരണക്കാരും നിരപരാധികളും വെറുതെ കൊല്ലപ്പെടും. ഇന്നത്തെ യുദ്ധങ്ങളിൽ നമ്മൾ ഇതാണ് കാണുന്നത്, ഇതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. എന്തായാലും ലോകത്തിലെ എല്ലാ മർദ്ദിതർക്കും വേണ്ടി പ്രാർഥിക്കുക. പ്രത്യക്ഷത്തിൽ ലോകം നാശത്തിന്റെ വക്കിലാണ് നിൽക്കുന്നത്. അല്ലാഹു തന്നെ അതിനെ രക്ഷിക്കുമാറാകട്ടെ. അവർ അല്ലാഹുവിലേക്ക് അടുക്കുന്നതിലൂടെയാണ് അത് സംഭവിക്കുക. അല്ലാഹു അവർക്ക് തൗഫീഖ് നൽകട്ടെ, ഞങ്ങൾക്കും പ്രാർഥിക്കാൻ തൗഫീഖ് നൽകട്ടെ.

അവസാനം ഹുസൂർ തിരുമനസ്സ് ഖസൂർ ജില്ലയിലെ ഭുലേർ സ്വദേശി മുഹമ്മദ് ആസിഫ് സാഹിബ് ശഹീദിനെ അനുസ്മരിക്കുകയും ജനാസ ഗായിബ് നിർവഹിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു. ഏപ്രിൽ 24 ന് ശഹീദ് മർഹൂമിനെ അഹ്മദിയ്യത്തിന്റെ ശത്രുക്കൾ വെടിയുതിർത്ത് ശഹീദാക്കി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. പത്തൊമ്പത് വയസ്സായിരുന്നു. മർഹൂം പരിശുദ്ധനും അനുസരണശീലമുള്ളവനും ധീരനും ശാഖാസംഘടനകളുടെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുന്നവനും സദ്‌സ്വഭാവിയും ഖിലാഫത്തിനോട് അനുരാഗബദ്ധനുമായ യുവാവായിരുന്നു. മർഹൂമിന്റെ മഗ്ഫിറത്തിനും ഉന്നത പദവികൾക്കും വേണ്ടി ഹുസൂർ തിരുമനസ്സ് ദുആ ചെയ്തു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു:

പാകിസ്താനിൽ ഭീകരവാദം നടത്തുന്നവരുടെയും ജമാഅത്തിനെ എതിർക്കുന്നവരുടെയും ധൈര്യം വർദ്ധിച്ചുവരികയാണ്. അല്ലാഹു എത്രയും പെട്ടെന്ന് അവരെ പിടികൂടാനുള്ള വഴികൾ ഒരുക്കട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَنَسْتَعِيْنُهٗ وَنَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ
بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَمِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ
وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ ـ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا
عَبْدُهٗ وَ رَسُوْلُهٗ ـ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ
وَاِيْتَآءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَالْمُنْكَرِ وَالْبَغْيِ يَعِظُكُمْ لَعَلَّكُمْ
تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ


FRIDAY SERMON SUMMARY DELIVERED BY **HADRAT KHALIFATUL MASIH V(ATBA)** AT MASJID MUBARAK UK ON 02.05.2025

MALAYALAM TRANSLATION,TYPING& LAYOUT:**BM ARIF MOHAMMED SHAHID** FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT, SADR ANJUMAN AHMADIYYA QADIAN 143516